(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ടൂറിസം വികസനത്തിനായി എൻ. ജി. ഒ.-കളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(എഫ്) നിലവിൽ ഇത്തരം സർക്കാരിതര സംഘടനകളുമായി ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) സർക്കാർ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡി.ടി.പി.സി.-കൾ ഒഴികെ മറ്റാർക്കും തന്നെ ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകാറില്ല. എന്നാൽ ടൂറിസം ബോധവൽക്കരണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും നിശ്ചിത പദ്ധതിക്കുള്ള നിർവ്വഹണത്തിനായി ധനസഹായം നൽകാറുണ്ട്.

(സി ആന്റ് ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ-ജി) കോവളത്ത് സീറോ വേസ്റ്റ് എന്ന പരിസര ശുചീകരണ പദ്ധതിക്കും 'തണൽ' എന്ന സംഘടനയുടേയും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പേ ആന്റ് യൂസ് ടോയ്ലറ്റ് നടത്താൻ സുലഭ് ഇന്റർനാഷണൽ എന്നീ പ്രസ്ഥാനത്തിന്റെയും സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് ലഭിച്ച ടൂറിസം അവാർഡുകൾ

4 [2716] ശ്രീ. എ. സുജനപാൽ :
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗുതൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2003-04-ൽ സംസ്ഥാന ടൂറിസം വകുപ്പിന് ഏതെല്ലാം ടൂറിസം അവാർഡുകളാണ് ലഭിച്ചതെന്നും എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഈ അവാർഡുകൾ ലഭിച്ചതെന്നും ഇവ ആരാണ് ഏറ്റുവാങ്ങിയതെന്നും ഉള്ള വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2003-04-ൽ സംസ്ഥാന ടൂറിസം വകുപ്പിന് താഴെപ്പറയുന്ന അവാർഡുകൾ ലഭിച്ചിട്ടുണ്ട്:

ഇന്ത്യാ ഗവൺമെന്റ് അവാർഡ് - 2003

1. ബെസ്റ്റ് ടൂറിസം പെർഫോമിംഗ് സ്റ്റേറ്റ്.
2. ബെസ്റ്റ് പ്രാക്ടീസസ്-സ്റ്റേറ്റ് ഗവൺമെന്റ്
3. ബെസ്റ്റ് എക്കോ ടൂറിസം പ്രൊഡക്ടർ - സീറോ വേസ്റ്റ്-കോവളം.
4. ബെസ്റ്റ് വൈൽഡ് ലൈഫ് സാങ്ച്വറി-പെരിയാർ ടൈഗർ റിസർവ്.
5. മോസ്റ്റ് ഇന്നവേറ്റീവ് യൂസ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി.

പസഫിക്-ഏഷ്യാ അസോസിയേഷന്റെ താഴെ പറയുന്ന അവാർഡുകൾ ലഭിച്ചിട്ടുണ്ട്:

1. ഗോൾഡ് അവാർഡ് ഫോർ ഹെറിറ്റേജ് - ഈസ്റ്റ് ഫോർട്ട്.
2. ഗോൾഡ് അവാർഡ് ഫോർ ബെസ്റ്റ് ടൂറിസം പ്രോജക്ട് - തെൻമല ഇക്കോ ടൂറിസം പ്രോജക്ട്.
3. ബെസ്റ്റ് സി.ഡി.റോം - നിരമയ.

മേൽപ്പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന രണ്ട് അവാർഡുകൾ കൂടി ലഭിച്ചിട്ടുണ്ട്.

1. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെ ബെസ്റ്റ് മാർക്കറ്റിംഗ് & ബെസ്റ്റ് യൂസ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി അവാർഡ്
2. ഗലീലിയോ എക്സ്പ്രസ് ട്രാവൽ & ടൂറിസം അവാർഡ്.

പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ അവാർഡ് സംസ്ഥാന സർക്കാരിനുവേണ്ടി കേന്ദ്ര ടൂറിസം സെക്രട്ടറി ശ്രീമതി രതിവിനയ്ജാ ഏറ്റുവാങ്ങി. മറ്റ് എല്ലാ അവാർഡുകളും സംസ്ഥാന ടൂറിസം വകുപ്പിനുവേണ്ടി ബഹുമാനപ്പെട്ട ടൂറിസം മന്ത്രി, ടൂറിസം സെക്രട്ടറി, ടൂറിസം ഡയറക്ടർ എന്നിവരാണ് ഏറ്റുവാങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly